പതിനാലാം കേരളനിയമസഭ
പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം *389** 19.03.2018-ൽ മറുപടിയ്ക്ക്

**എസ്.എസ്.എൽ.സി, ഹയർ സെക്കണ്ടറി പരീക്ഷകളിലെ പരിഷ്കാരങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.പി.അയിഷാ പോറ്റി<br>ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീ.ആന്റണി ജോൺ<br>ശ്രീ.യു.ആർ.പ്രദീപ് | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഓരോ ക്ലാസിലും പഠിക്കുന്ന വിദ്യാർത്ഥികൾ ആർജ്ജിക്കണമെന്ന് വിഭാവനം ചെയ്തിട്ടുള്ള അറിവുകൾ ആർജ്ജിച്ചിട്ടുണ്ടോ എന്ന പരിശോധനയ്ക്കായി നടത്തപ്പെടേണ്ട പരീക്ഷകൾ വിദ്യാർത്ഥികൾക്ക് പീഢയായി മാറാതിരിക്കാൻ നിലവിലെ പരീക്ഷാരീതി പരിഷ്കരിക്കുന്നത് പരിശോധിക്കുമോ; | (എ) നിലവിലുണ്ടായിരുന്ന പരീക്ഷാരീതിയിൽ മാറ്റം വരുത്തിയിട്ടുണ്ട്. |
| (ബി) മുൻകാലങ്ങളിൽ നിന്ന് വിഭിന്നമായി ഇത്തവണത്തെഎസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി പരീക്ഷകൾ വിദ്യാർത്ഥി സൗഹൃദമാക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കിയ പരിഷ്കാരങ്ങൾ എന്തെല്ലാമായിരുന്നു; | (ബി) ചോദ്യപേപ്പറുകളിൽ ആവശ്യമായ ചോയ്സുകൾ നൽകി. കൂടുതൽ ചോദ്യങ്ങൾ നൽകിയ ശേഷം നിശ്ചിത എണ്ണം ചോദ്യങ്ങൾക്കുമാത്രം ഉത്തരമെഴുതിയാൽ മതിയെന്ന് നിർദ്ദേശിച്ചതിലൂടെ കുട്ടികൾക്ക് തിരഞ്ഞെടുപ്പിന് അവസരം ലഭിച്ചു.<br>ബഹു വികല്പ ചോദ്യങ്ങൾ, വസ്തുനിഷ്ഠ ചോദ്യങ്ങൾ എന്നിവയ്ക്ക് നൽകിയിരുന്ന അമിത പ്രാധാന്യം വിദ്യാർത്ഥികൾക്ക് പരീക്ഷാ സമ്മർദ്ദം |

സൃഷ്ടിക്കാൻ കാരണമായിട്ടുണ്ട്. ഓർമ്മ പരിശോധനയ്ക്കായിരുന്നു അത്തരം ചോദ്യങ്ങളിൽ പ്രാധാന്യം നൽകിയിരുന്നത്. പരീക്ഷാ പരിഷ്കരണത്തിന്റെ ഭാഗമായി ഈ വിഭാഗം ചോദ്യങ്ങളുടെ എണ്ണം കുറച്ച് സ്വതന്ത്രമായ പ്രതികരണത്തിന് അവസരമുള്ള ചോദ്യങ്ങൾ (Open ended questions) ഉൾപ്പെടുത്തി.

(സി) മുൻകാല അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ ചോദ്യ പേപ്പർ തയ്യാറാക്കുന്നതിൽ മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

(സി) ഉണ്ട്. ചോദ്യപേപ്പറുകളിൽ ആവശ്യമായ ചോയ്സുകൾ നൽകി. കൂടുതൽ ചോദ്യങ്ങൾ നൽകിയ ശേഷം നിശ്ചിത എണ്ണം ചോദ്യങ്ങൾക്കുമാത്രം ഉത്തരമെഴുതിയാൽ മതിയെന്ന് നിർദ്ദേശിച്ചതിലൂടെ കുട്ടികൾക്ക് തിരഞ്ഞെടുപ്പിന് അവസരം ലഭിച്ചു.

ബഹു വികല്പ ചോദ്യങ്ങൾ, വസ്തുനിഷ്ഠ ചോദ്യങ്ങൾ എന്നിവയ്ക്ക് നൽകിയിരുന്ന അമിത പ്രാധാന്യം വിദ്യാർത്ഥികൾക്ക് പരീക്ഷാ സമ്മർദ്ദം സൃഷ്ടിക്കാൻ കാരണമായിട്ടുണ്ട്. ഓർമ്മ പരിശോധനയ്ക്കായിരുന്നു അത്തരം ചോദ്യങ്ങളിൽ പ്രാധാന്യം നൽകിയിരുന്നത്. പരീക്ഷാ പരിഷ്കരണത്തിന്റെ ഭാഗമായി ഈ വിഭാഗം ചോദ്യങ്ങളുടെ എണ്ണം കുറച്ച് സ്വതന്ത്രമായ പ്രതികരണത്തിന് അവസരമുള്ള ചോദ്യങ്ങൾ (Open ended questions)

ഉൾപ്പെടുത്തി.

കൂടാതെ ചോദ്യനിർമ്മാണത്തിൽ പിഴവ് വരുത്തിയ ചോദ്യകർത്താക്കളെയും ചെയർമാൻമാരെയും ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ